**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6611** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പാരിപ്പള്ളി മുതൽ വിഴിഞ്ഞം വരെ 80 കിമീ നീളത്തിലും 70 മീറ്റർ വീതിയിലും, ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്ന പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ അലൈൻമെന്റിന് ദേശീയപാത അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. നാവായിക്കുളം മുതൽ വിഴിഞ്ഞം വരെയുള്ള 78 കി.മീ. പാതയ്ക്കാണ് അനുമതി ലഭ്യമായത്. NH Act 1956 സെക്ഷൻ 3A പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. സെക്ഷൻ 3D പ്രകാരം ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് നൽകുന്നതിനുള്ള Survey/ demarcation നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | എത്ര മീറ്റർ വീതിയിലാണ് പ്രസ്തുത റോഡ് വിഭാവനം ചെയ്തിരിക്കുന്നതെന്നും ഇരു വശങ്ങളിലും എത്ര മീറ്റർ വീതിയിലാണ് സർവീസ് റോഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | സ്ഥലത്തിന്റെ പ്രത്യേകതകളും സാങ്കേതിക സാധ്യതകളും കണക്കിലെടുത്ത്, ഇരുവശങ്ങളിലും 7 മീറ്റർ വീതിയിൽ സർവീസ് റോഡുകളോട് കൂടിയ 45 മീറ്റർ RoW( Right of Way) യിൽ 4 വരിയായി പ്രധാന പാത ദേശീയപാത അതോറിറ്റി വികസിപ്പിക്കു ന്നതാണ്. ഇതിന്റെ ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുക സംസ്ഥാനം വഹിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സർക്കാർ, MoRTH/NHAI, സി.ആർ.ഡി.പി, കിഫ്ബി എന്നിവരുൾപ്പെട്ട " Quadripartite Agreement" ഒപ്പിടുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക ഏത് പദ്ധതിയിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കുമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ